"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ, 01.11.2023 ലെ 1(5)/2023, 29.11.2023 ലെ 1(7)/2023 എന്നീ നമ്പർ തീരുമാനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രിബ്യൂണലിന്റെ പരിഗണനയ്ക്കായി റഫർ ചെയ്തുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പ്**

സ.ഉ.(സാധാ) നം.188/2026/LSGD തീയതി,തിരുവനന്തപുരം, 22-01-2026

---

പരാമർശം:-

1. പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ, 01.11.2023 ലെ 1(5)/2023 നമ്പർ തീരുമാനം
2. പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 29.11.2023 ലെ 1(7)/2023 നമ്പർ തീരുമാനം
3. പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 05.12.2023 ലെ ബി.770/2022 നമ്പർ കത്ത്
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 19.06.2025-ലെ LSGD/PD/70711/2023-REV1 നമ്പർ കത്ത്

**ഉത്തരവ്**

പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള വിവിധ കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വാടക നിശ്ചയിക്കാൻ 01/11/2023-ലെ യോഗത്തിൽ പരാമർശം 1 പ്രകാരം ഭരണസമിതി ഐക്യകണ്ഠേന തീരുമാനിച്ചിരുന്നു. എന്നാൽ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ റിപ്പോർട്ടിൽ പറയുന്നതിനേക്കാൾ കുറഞ്ഞ നിരക്കിൽ വാടക നിശ്ചയിക്കുന്നത് നിലവിലെ ചട്ടങ്ങൾക്ക് വിരുദ്ധമാണെന്നും, സർക്കാർ നിശ്ചയിച്ച നിരക്കുകൾ മാത്രമേ ഈടാക്കാൻ സാധിക്കു എന്നും അറിയിച്ചുകൊണ്ട് പ്രസ്തുത തീരുമാനത്തിൽ പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വിയോജനം രേഖപ്പെടുത്തിയിരുന്നു. തുടർന്ന് പരാമർശം 2 പ്രകാരം പ്രസ്തുത തീരുമാനത്തിൽ ഉറച്ചുനിൽക്കുന്നതായി പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി തുടർ തീരുമാനം എടുത്ത സാഹചര്യത്തിൽ പരാമർശം 3 പ്രകാരം പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പ്രസ്തുത തീരുമാനങ്ങളിന്മേലുള്ള വിയോജന കുറിപ്പ് സർക്കാരിൽ സമർപ്പിച്ചിരുന്നു.

പ്രസ്തുത കെട്ടിടങ്ങൾക്കു PWD മാന്വൽ പ്രകാരം പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തു അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ പ്രതിമാസ വാടക നിശ്ചയിച്ചിരുന്നതാണെന്നും, ടി നിരക്കിനേക്കാൾ താഴ്ന്ന നിരക്കിലാണ് ഭരണസമിതി തീരുമാനം എടുത്തിട്ടുള്ളതെന്നും, നിലവിൽ പുഴയ്ക്കൽ ബ്ലോക്ക്

പഞ്ചായത്തു അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ നിശ്ചയിച്ച നൽകിയ വാടക അനുസരിച്ച കെട്ടിടമുറികൾ ലേലം ചെയ്യേണ്ടതാണെന്നും, ടി മുറികൾക്ക് ലേലത്തിൽ നിശ്ചയിച്ച നിരക്കിൽ താഴെ നിശ്ചയിക്കേണ്ട സാഹചര്യം ഉണ്ടെങ്കിൽ ആയത് ഭരണസമിതിയുടെ വ്യക്തമായ ശിപാർശ സഹിതം സർക്കാർ അനുമതിക്കായി സമർപ്പിക്കേണ്ടതാണെന്നും പരാമർശം 4 പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെട്ടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ പരാമർശം (1), (2) തീരുമാനങ്ങൾ പഞ്ചായത്ത് രാജ് ആക്ട് 191 (2) (1) ം ഉപവകുപ്പ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രിബ്യൂണലിന്റെ പരിഗണനയ്ക്കായി വിട്ടുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASHA A K
ജോയിന്റ് സെക്രട്ടറി

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രിബ്യൂണലിന്റെ കാര്യാലയം, ശ്രീമൂലം ബിൽഡിംഗ്സ്, കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം - 695035.
തിരുവനന്തപുരം (ആമുഖ കത്തും അനുബന്ധ രേഖകളും സഹിതം).
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. സെക്രട്ടറി, പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത്, പുറനാട്ടുകര പി ഒ, തൃശ്ശൂർ - 680551
4.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
5 എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
6 ഡയറക്ടർ, ഐ&പിആർഡി(വെബ് & ന്യൂമീഡിയ), തിരുവനന്തപുരം.
7 കരുതൽ ഫയൽ/ഓഫീസ് കോപ്പി [ഫയൽ നം.ആർസി2/413/2023-തസ്വഭവ].

ഉത്തരവിൻ പ്രകാരം

Signed by സെക്ഷൻ ഓഫീസർ
Pradeesh M.
Date: 23-01-2026 11:08:30